# മെത്രാപ്പോലീത്തായുടെ കത്ത്

(ജൂലൈ 2011)



കർത്താവിൽ പ്രിയരെ,

കാലവർഷം ശക്തിപ്പെടുകയും ജനജീവിതം ദുസ്സഹമായിത്തീരുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ജൂലൈ മാസം, ധന്യമായ ചിന്തകളെ കേരള ജനതയിൽ പകരുന്നു. ഹൈന്ദവ സമൂഹം 'രാമായണ മാസമായും' റോമൻ കത്തോലിക്കാ സമൂഹം 'വേദ പാരായണ മാസമായും' വേദഗ്രന്ഥങ്ങളിലേക്ക് ചിന്തകളെ കേന്ദ്രീകരിക്കുന്ന ഒരു കാലഘട്ടം കൂടിയാകുന്നു ഇത്. ഈ മാസത്തിലെ നമ്മുടെ ചിന്തകൾ പ്രായോഗിക ക്രിസ്തീയ ജീവിതത്തിന്റെ വിവിധ ഏടുകളെ ക്കുറിച്ചുള്ള അന്വേഷണമാണ്. ആദ്യഞായറാഴ്ച നമ്മുടെ ധ്യാനം 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന വിശ്വാസ ദർശനത്തിലൂന്നി വ്യക്തതയോടുകൂടി പ്രഖ്യാപിച്ച മാർ തോമാ ശ്ലീഹായുടെ അനുസ്മരണ നാളാണ്. നമ്മുടെ സഭാപിതാവായ മാർ തോമാ ശ്ലീഹായിലൂടെ നമുക്കു ലഭിച്ച സുവിശേഷ ദർശനവും, സഹസ്രാബ്ദങ്ങളായി അത് നമുക്കുപകർന്നുതന്നതായ ഇന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സാക്ഷ്യവും നാം അനുസ്മരിക്കുന്നു. ബുദ്ധിക്കും യുക്തിക്കും ഊന്നൽ നൽകിക്കൊണ്ട് ഉളവായതായ സംശയങ്ങൾ ദൈവ മുഖത്തു നിന്നുതന്നെ നിവാരണം കണ്ടെത്തി സാക്ഷ്യനിർവ്വഹണത്തിനായി യെരുശലേമിൽ നിന്ന് ചിന്നിപ്പോയ ശിഷ്യന്മാരിൽ ഒരുവനായ തോമാ ശ്ലീഹാ മലങ്കരയുടെ മണ്ണിലേക്ക് എത്തിച്ചേർന്ന് സാക്ഷ്യം നിർവ്വഹിച്ചു എന്നത് അവിസ്മരണീയമാണ്. മാർ തോമസ് ശ്ലീഹാ അത് കേരളത്തിൽ നിലവിലിരുന്ന സാംസ്കാരികവും മതപരവുമായ പശ്ചാത്തലത്തിൽ തന്റെ സാക്ഷ്യം നിർവ്വഹിച്ചതുമൂലം ആ സാക്ഷ്യത്തിന്റെ ഫലമായി ഉളവായ പൈതൃകത്തെ പങ്കിടുന്നതാണ് കേരളീയ സഭകൾ എന്നുള്ളത് ചിരസ്മരണീയമാണ്. തുടർന്നുള്ള മൂന്ന് ഞായറാഴ്ചകളിലും ഒരേ ചിന്തയുടെ വിവിധ വശങ്ങൾ വ്യക്തമാക്കുന്നു. വൈദികർ വചനത്തിന്റെ ശുശ്രൂഷകൻ, ദൈവജനം രാജകീയ പുരോഹിതവർഗ്ഗം അഹരോന്യ പൗരോഹിത്യം അല്ല. ഈ രണ്ട് ധ്യാനങ്ങളും സമന്വയിപ്പിക്കുന്നത് കൂദാശകളിലൂടെ ലഭ്യമാകുന്ന ദൈവകൃപയുടെ ഊർജ്ജമത്രേ. ഈ ഊർജ്ജം നാം ഉൾക്കൊള്ളുന്നത് തിരുവചനത്തിന്റെ പങ്കിടലിലൂടെയും, സമസ്ത ജനത്തിനും ഊർജ്ജം പകരുന്ന കൂദാശകളിലുള്ള പങ്കാളിത്തത്തിലൂടേയും ആണ്. മാർ യാക്കോബ് ശ്ലീഹാ ആദിമസഭയുടെ നേതൃത്വസ്ഥാനത്ത് നിന്ന് രക്ത സാക്ഷിത്വം വഹിച്ച് ക്രിസ്തീയ വിശ്വാസത്തെ സ്വാംശീകരിച്ചിരുന്നു. യാക്കോബ് ശ്ലീഹായുടെ ശക്തീകരണം പ്രവൃത്തിയില്ലാത്ത വിശ്വാസം വ്യർത്ഥമാകുന്നു, വിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്ത പ്രവൃത്തിയും വ്യർത്ഥമാകുന്നു എന്നതായിരുന്നു. സഭയുടെ ശുശ്രൂഷ സൗഖ്യദായകശുശ്രൂഷയാണ്. ശരീരാത്മ ദേഹികളുടെ സൗഖ്യം ആയത് വ്യക്തപ്പെടുത്തുന്ന പ്രബോധനം നമുക്കു ലഭ്യമാണ്.

''നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ; സുഖം അനുഭവിക്കുന്നവൻ പാട്ടുപാടട്ടെ. നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ കശ്ശീശന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപുശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവു അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും (യാക്കോബ്: 5:13,15).

ജനഹിതപ്രകാരം രൂപീകൃതമായ ഭരണസംവിധാനം ചുമതലയേറ്റിട്ട് കേരളത്തിലും, തമിഴ്നാട്ടിലും, പശ്ചിമ ബംഗാളിലും 40 ൽ പരം ദിവസം പിന്നിടുന്നു. നിരവധി പ്രതിസന്ധികളെയും, വെല്ലുവിളിക

ളേയും, തടസ്സവാദങ്ങളേയും പിന്നിട്ട് മുന്നോട്ടുപോകുവാൻ ഈ സർക്കാരുകൾക്ക് ആർജ്ജവം കൈവരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ജനങ്ങൾ ഏല്പ്പിച്ചതായ ചുമതലകൾ, ജനങ്ങളോടുള്ള കടപ്പാട് വിസ്മരിക്കാതെ നിർവ്വഹിക്കുവാൻ ജനനേതാക്കൾ ജാഗ്രത പുലർത്തേണ്ടതാണ്. അഴിമതിക്കെതിരായ പോരാട്ടം എന്ന ഭാവേന അഴിമതി വീരന്മാർ വിവിധ രൂപത്തിലും ഭാവത്തിലും സമൂഹത്തിൽ രംഗപ്രവേശം ചെയ്യുന്നു എന്നു കാണുന്നത് ആശങ്ക ഉളവാക്കുന്നു. സാധാരണ ജനങ്ങളെ കബളിപ്പിച്ച് ചൂഷണം ചെയ്യുന്ന വ്യക്തികളെ മാതൃകാപരമായി ശിക്ഷിക്കുന്നത് അപ്രകാരമുള്ള പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനും, നിരുത്സാഹപ്പെടുത്തുന്നതിനും സഹായകരമാകും. ഇന്ന് പ്രസ്താവനകളും വാഗ്ദാനങ്ങളും അല്ല ജനങ്ങൾക്ക് ആവശ്യം. മറിച്ച്, പ്രവർത്തനമാണ്. പ്രവർത്തനം ഇല്ലാത്ത വാഗ്ദാനം പൊള്ളയാകുന്നു.

പിന്നിട്ട മാസം അനേകലക്ഷം പിഞ്ചോമനകൾ വിദ്യാരംഭം കുറിച്ചു. വിദ്യാഭ്യാസ മേഖലകളിൽ ഉയർന്ന പടവുകളിലേക്കു കയറിയവർ പുതിയ പടവുകളിൽ പ്രവേശിച്ച് വിദ്യാരംഭം കുറിക്കുന്ന മാസമത്രേ ജൂലൈ. പ്രവേശന നടപടികൾ യഥാക്രമം ക്രമീകരിച്ച് സ്വാർത്ഥതയ്ക്ക് ഉപരി ജനനന്മയ്ക്കുതകുന്ന കരുതലോടെ വിദ്യാഭ്യാസമേഖലയിൽ പ്രവർത്തന ശൈലി രൂപപ്പെടുത്തേണ്ടത് അത്രേ. പുതിയ മേഖലകളിൽ വിദ്യാരംഭം കുറിക്കുന്നവർക്കും ആശംസകൾ.

ജൂൺ 5–ാം തീയതി ലോകപരിസ്ഥിതി ദിനമായി ലോകമെമ്പാടും, ആചരിക്കുകയുണ്ടായല്ലോ. സൃഷ്ടിയുടെ മകുടമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പ്രപഞ്ചത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം മറന്നും ഈ പ്രകൃതിയെ നിലനിർത്താനും പരിരക്ഷിക്കാനുമുള്ള ഉത്തരവാദിത്തങ്ങൾ വിസ്മരിച്ചും പ്രകൃതിയെ അശാസ്ത്രീയമായി ചൂഷണം ചെയ്തതിന്റെ ഫലമായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ ഇന്നും പലയിടത്തും ജനലക്ഷങ്ങളെ കഷ്ടത്തിലും ദുരിതത്തിലുമാക്കുന്നുണ്ട് എന്ന വസ്തുത നാം മറന്നുകളയരുത്. കാലാവസ്ഥാവ്യതിയാനങ്ങൾ, ആഗോളവ്യാപകമായി ഈ പ്രപഞ്ചത്തെ ഗ്രസിച്ച തിക്താനുഭവങ്ങൾ എന്നിവ ഇന്ന് മനുഷ്യ മന:സ്സാക്ഷിയെ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി ജാഗ്രതയോടെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. പരിസ്ഥിതി ദിനാചരണങ്ങളും മറ്റും പരിസ്ഥിതി അവബോധം സൃഷ്ടിക്കാൻ പര്യാപ്തമാണെങ്കിലും അതോടൊപ്പം തന്നെ പ്രായോഗികമായ സമീപനങ്ങളും ദീർഘദർശനത്തോടു കൂടിയ പ്രവർത്തന പരിപാടികളും അടിയന്തിര പ്രാധാന്യത്തോടുകൂടി രൂപപ്പെടേണ്ടതുണ്ട്. സ്ഥായിയായ വികസനം (ടൗമേശിമയഹല റല്ലഹീുാലിേ) എന്ന കാഴ്ചപ്പാടിലൂന്നി വികസന പ്രവർത്തനങ്ങൾ മുൻപോട്ടുപോയാൽ മാത്രമേ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ പുരോഗതി കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. ലോകജനസംഖ്യാവർദ്ധവിനനുസരിച്ചു വർദ്ധിച്ചുവരുന്ന വിഭവ ചൂഷണം അപകടകരമാംവിധം വിഭവശോഷണത്തിനും പരിസ്ഥിതി ചൂഷണത്തിനും കാരണമാകുന്നു എന്ന് ലോകസമൂഹം തിരിച്ചറിഞ്ഞതിന്റെ സ്വാഭാവിക പരിണാമമായിരുന്നു 1992ലെ ലോകരാഷ്ട്രങ്ങളുടെ ഭൗമ ഉച്ചകോടിയിൽ രൂപപ്പെട്ട സ്ഥായിയായ വികസനം എന്ന കാഴ്ചപ്പാട്. കഴിഞ്ഞകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ വർത്തമാന കാല സാഹചര്യങ്ങളിൽ പരിസ്ഥിതിയുടെ വിഭവങ്ങളെ നമ്മുടെ ആവശ്യത്തിനായി പ്രയോജനപ്പെടുത്തുമ്പോൾതന്നെയും ഭാവി തലമുറകൾക്കായി പരിസ്ഥിതിയെ സംരക്ഷിക്കുകയും പോഷിപ്പിക്കുകയും വേണം എന്ന തത്ത്വത്തിലധിഷ്ഠിതമായി രൂപപ്പെട്ട ദർശനമാണിത്. ഇപ്രകാരം തീരുമാനമെടുത്തവർ തന്നെ എത്രത്തോളം ലക്ഷ്യത്തോട് കൂറ് പുലർത്തി പ്രവർത്തിക്കുന്നു എന്നത് ആലോചിക്കേണ്ട കാര്യമാണ്. പ്രായോഗികതലത്തിൽ പരിസ്ഥിതി സംരക്ഷണത്തിനായി തങ്ങൾക്കു ചെയ്യാൻ പറ്റുന്നത് ചെയ്യുവാൻ ഓരോരുത്തരും ഉത്സാഹിക്കേണ്ടതാണ് ഇന്ന് നമ്മുടെ സർക്കാരും ബഹുജന പ്രസ്ഥാനങ്ങളും പരിസ്ഥിതി സംരക്ഷണത്തിനായി നടത്തുന്ന എല്ലാ യത്നങ്ങളിലും സഭാജനങ്ങൾ ആത്മാർത്ഥമായി സഹകരിക്കേണ്ടതത്രെ. കൂടാതെ, ഈ പ്രമേയത്തിലുള്ള ജാഗരണം തുടർന്നും നിലനിർത്തേണ്ടത് അനിവാര്യമത്രെ. ദൈവം നമ്മെ വിശ്വസിച്ച് ഭരമേൽപ്പിച്ച ദൈവസൃഷ്ടിയായ ഈ മനോഹര ഭൂമിയെ വരും തലമുറക്ക് കോട്ടം കൂടാതെ കൂടുതൽ മനോഹാരിതയോടെ ആരോഗ്യ പുഷ്ടിയോടുകൂടി ഫലദായകമായി ഏൽപ്പിച്ചുകൊടുക്കുന്നതിന് ദൈവം നമ്മെ സഹായിക്കട്ടെ.

ഭദ്രാസനങ്ങളുടേയും, സ്ഥാപനങ്ങളുടേയും കഴിഞ്ഞ സംവത്സരങ്ങളിലെ പ്രവര്‍ത്തനങ്ങളെ വിലയിരുത്തി പുതിയ സംവത്സരങ്ങളിലെ പ്രവര്‍ത്തനങ്ങള്‍ക്കുവേണ്ടി പ്രയത്നിക്കുന്ന കാലയളവാണല്ലോ നമ്മുടെ മുന്നിലുള്ള കാലയളവ്. ആയതിന് ഭദ്രാസന കൗണ്‍സിലുകളും, സംഘടനകളുടെ ഭാരവാഹികളും, ഇടവകകളും ജാഗരൂകരായിരിക്കുന്നു എന്നറിയുന്നതില്‍ സന്തോഷമുണ്ട്. സഭാ പ്രതിനിധിമണ്ഡല യോഗങ്ങള്‍ക്കു മുമ്പായി തന്നെ ഭദ്രാസന വാര്‍ഷിക യോഗങ്ങള്‍ പൂര്‍ത്തിയാക്കുവാന്‍ ശ്രദ്ധിക്കണം. രജിസ്റ്റേര്‍ഡ് സംഘടനകള്‍ സെപ്റ്റംബര്‍ 30 ന് മുമ്പ് തങ്ങളുടെ ചുമതലകള്‍ നിര്‍വ്വഹിക്കേണ്ടതാകുന്നു എന്ന് ഓര്‍മ്മിപ്പിക്കുന്നു.

ഈ ജൂലൈ മാസം സഭയായി നമുക്ക് വിനയപ്പെടുന്നതിനും, അനുതപിക്കുന്നതിനും, പ്രകടമായ പ്രവര്‍ത്തനങ്ങളെക്കുറിച്ച് പുനര്‍വിചിന്തനം ചെയ്യുന്നതിനും ഇടയാകട്ടെ എന്ന് പ്രാര്‍ത്ഥിക്കുന്നു. ആയതിന് ആവശ്യമായ ചിന്താവിഷയം വിശുദ്ധ പൗലോസ്, 1 കൊരിന്ത്യര്‍: 6:1,4,5 വാക്യങ്ങളില്‍ പറയുന്നു.

''നിങ്ങളില്‍ ഒരുത്തനു മറ്റൊരുത്തനോടു ഒരു കാര്യം ഉണ്ടെങ്കില്‍ വിശുദ്ധന്മാരുടെ മുമ്പാകെ അല്ല, അഭക്തന്മാരുടെ മുമ്പില്‍ വ്യവഹാരത്തിനു പോകുവാന്‍ തുനിയുന്നുവോ? എന്നാല്‍ നിങ്ങള്‍ക്കു ഐഹിക കാര്യങ്ങളെക്കുറിച്ച് വ്യവഹാരം ഉണ്ടെങ്കില്‍ വിധിപ്പാന്‍ സഭ ഗണ്യമാക്കാത്തവരെ ഇരുത്തുന്നുവോ? സഹോദരന്മാര്‍ക്കു മദ്ധ്യേ കാര്യം തീര്‍പ്പാന്‍ പ്രാപ്തിയുള്ളോരു ജ്ഞാനിയും നിങ്ങളുടെ ഇടയില്‍ ഇല്ലയോ?''

നമ്മുടെ കോര്‍പ്പറേറ്റീവ് മാനേജുമെന്റില്‍ പുതുവര്‍ഷത്തില്‍ 10 ഡിവിഷന്‍ ഇല്ലാതായിത്തീരുന്നു, 12 അദ്ധ്യാപകര്‍ തൊഴില്‍ രഹിതരായിത്തീരുന്നു എന്നത് ദു:ഖകരമായ വസ്തുതയാകുന്നു. സീനിയറായിരിക്കുന്ന അദ്ധ്യാപകര്‍ തങ്ങള്‍ക്ക് ഇത് ബാധകമല്ല എന്ന് ചിന്തിച്ചുകൊണ്ട് ജൂണിയേഴ്സിനു വരുന്ന നഷ്ടം തങ്ങള്‍ക്ക് ഏതുമില്ല എന്ന് ചിന്തിക്കുന്നത് ധാര്‍മ്മികമോ? തങ്ങളുടെ സ്വന്തം മക്കളെ ഇതര സ്കൂളുകളില്‍ വിട്ട് പഠിപ്പിക്കുകയും, സ്കൂള്‍ മാനേജ്മെന്റിലെ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുകയും ചെയ്യുന്നവരോട് എങ്ങനെയാണ് പ്രതികരിക്കേണ്ടത്. മറ്റുള്ളവരുടെ തൊഴില്‍ അവസരങ്ങള്‍ നഷ്ടപ്പെടുത്തുകയും പുതിയ ആളുകള്‍ക്ക് അവസരം ലഭിക്കാതെയും ഇരിക്കുന്ന പ്രവണത കോര്‍പ്പറേറ്റ് മാനേജുമെന്റിലെ അദ്ധ്യാപകരില്‍ നിന്ന് നിര്‍മ്മാര്‍ജ്ജനം ചെയ്യുവാന്‍ നടപടി സ്വീകരിക്കേണ്ടതല്ലേ, ചിന്തിക്കുക.

ഈ ജൂലൈ മാസം പ്രാര്‍ത്ഥനകളുടേയും ആത്മീയ പുതുക്കത്തിന്റേയും നാളുകളായി നമുക്ക് അനുഭവപ്പെടട്ടെ. തങ്ങള്‍ക്ക് എന്ത് ലഭിക്കും എന്നതല്ല നമ്മുടെ മുഖമുദ്ര ആയിരിക്കേണ്ടത്. മറിച്ച്, സഭയ്ക്കും സമൂഹത്തിനും എന്തുചെയ്യുവാന്‍ സാധിക്കും എന്നതത്രേ.

''എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാര്‍ത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുര്‍മ്മാര്‍ഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കില്‍, ഞാന്‍ സ്വര്‍ഗ്ഗത്തില്‍ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും''. (2 ദിനവൃത്താന്തം: 7:14)

ജൂണ്‍ 27ന് ആയുസ്സിന്റെ പുതിയ സംവത്സരത്തിലേക്ക് പ്രവേശിക്കുന്നത് 'വിളിച്ചവന്‍ വിശ്വസ്തന്‍' എന്ന വിശ്വാസത്തോടും, ഉറപ്പോടും കൂടിയാണ്. തിരിഞ്ഞുനോക്കുമ്പോള്‍ ദൈവകൃപ എത്രയോ അപ്രമേയം. വിശുദ്ധ പൗലോസ് തന്റെ ജീവിതാനുഭവത്തെ അടിസ്ഥാനപ്പെടുത്തി നല്‍കിയ സാക്ഷ്യം അനുദിനം അനുനിമിഷം എനിക്ക് ശക്തമായ പ്രചോദനമായി നിലനില്‍ക്കുന്നു. ''എന്നെ ശക്തനാക്കുന്നവന്‍ മുഖാന്തരം ഞാന്‍ സകലത്തിനും മതിയാകുന്നു.'' (ഫിലിപ്പിയര്‍ 4:13)

കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.